**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3841** **27-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ നിയമലംഘനങ്ങൾക്ക് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നിയമലംഘനങ്ങൾക്ക് പിടിച്ചെടുത്ത വാഹനങ്ങൾ കാലങ്ങളായി പൊതുനിരത്തിലും പോലീസ് സ്റ്റേഷൻ പരിസരത്തും നിർത്തിയിട്ടിരിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കേസിൽ ഉൾപ്പെടാത്തതും പോലീസ് കസ്റ്റഡിയിൽ എടുത്തതോ കണ്ടുകെട്ടിയതോ ഉപേക്ഷിക്കപ്പെട്ടതോ ആയ, പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ എത്രയും വേഗം കൈയൊഴിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 11.09.2018-ലെ സർക്കാർ ഉത്തരവ് (പി) നം.60/2018/ആഭ്യന്തരം, പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പോലീസ് സ്റ്റേഷൻ പരിസരത്തുള്ള ഇത്തരം വാഹനങ്ങൾ ഒഴിവാക്കി സ്റ്റേഷൻ പരിസരം മോടി പിടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പിടിച്ചെടുത്ത വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ